LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകളുടെ തുല്യതയ്ക്കുള്ള മാനദണ്ഡം

145 (4533) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ജി., കേരള സർവ്വകലാശാലകളുടെ എതിർപ്പ് മറികടന്ന് എം.എസ്.സി. ബയോടെക്നോളജി, എം.എസ്.സി. സുവോളജി, എം.എസ്.സി. ബോട്ടണി എന്നിവ തുല്യമാക്കി ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

&

(ബി) ഇപ്രകാരം ഒരു ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ച് MSc. Biotechnology യോഗ്യത Botany, Zoology വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ യോഗ്യതയാക്കിക്കൊണ്ട് 20-2-2020-ലെ G.O(Ms)No. 88/2020/ H.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് 3-3-2020-ലെ G.O(Ms)No.101/2020/H.Edn പ്രകാരം നിർത്തി വച്ചിട്ടുണ്ട്.

(സി) ഒരു കോഴ്സ് മറ്റൊരു കോഴ്സിന് തുല്യമാണെന്ന് കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

സർവ്വകലാശാലകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്.

വിദൂരവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

146 (4534) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിലുള്ള വിദ്യാർത്ഥികൾക്ക് 2020-21 അദ്ധ്യയനവർഷം മുതൽ സമ്പർക്ക ക്ലാസ്സുകൾ കോഴ്സ് കോ-ഓർഡിനേറ്റർമാർ ഓൺലൈൻ ആയാണ് നൽകിവരുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആധുനിക ശാസ്ത്ര-സാങ്കേതിക ശാസ്ത്രരീതികൾ പ്രയോജന പ്പെടുത്തി വിദൂര വിദ്യാഭ്യാസ മാതൃകയിൽ കോഴ്സുകൾ പ്രദാനം ചെയ്യുവാനാണ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറെടുക്കുന്നത്. പഠന വസ്തുക്കൾ പ്രിന്റ് ചെയ്യും, ഓൺലൈനിലും ലഭ്യമാക്കാനുള്ള പദ്ധതികൾ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ തയ്യാറായിവരുന്നു. ബ്ലെൻഡഡ് മോഡിലുള്ള പഠനരീതിയാണ് സർവ്വകലാശാല പിൻതുടരാൻ തീരുമാനിച്ചിരിക്കുന്നത്. വെർച്വൽ എഡ്യൂക്കേഷൻ സംവിധാനങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള പദ്ധതികളും തയ്യാറായിവരുന്നു. കേരള സർവ്വകലാശാലയിൽ സമ്പർക്ക ക്ലാസ്സുകളെല്ലാം ഓൺലൈനായി നടത്തിവരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് വാട്സാപ്, ഗൂഗിൾ മീറ്റ്, ടെലഗ്രാം, യൂട്യൂബ് ചാനൽ തുടങ്ങിയ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ക്ലാസ്സുകൾ നൽകുന്നുണ്ട്. വിവിധ ക്ലാസ്സുകളുടെ വീഡിയോകൾ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്ത് നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്കുള്ള സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് നൽകുന്നുണ്ട്.

(ബി) വിദൂര വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്ന, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നതും റെഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതുമായവരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും വ്യതിചലിച്ച് ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൈപുണ്യവികസനത്തിനും വേണ്ടി സംസ്ഥാനത്തെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. ആധുനിക സാങ്കേതിക ശാസ്ത്രവിദ്യ ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം വിദൂര-വെർച്വൽ മാതൃകകളിൽ പ്രദാനം ചെയ്യാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂരവിദ്യാഭ്യാസം വഴി പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ സംവരണ വിഭാഗത്തിൽപ്പെടുന്നവർക്ക് ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയിൽ ഇളവ് നൽകുന്നുണ്ട്. സമ്പർക്ക ക്ലാസുകൾ നൽകുകയും സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ തയ്യാറാക്കി നൽകുകയും ചെയ്യുന്നുണ്ട്. വാട്സാപ്, ഗൂഗിൾ മീറ്റ്, ടെലഗ്രാം, യൂട്യൂബ് ചാനൽ തുടങ്ങിയ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. ലൈബ്രറി സൗകര്യവും ഒരുക്കി നൽകുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ കലാ-കായിക മികവുകൾ പ്രോത്സാഹിപ്പിക്കാൻ SDE FEST നടത്തിവരുന്നുണ്ട്.

(സി) ഓൺലൈൻ വിദ്യാഭ്യാസം കൂടുതൽ വ്യാപകമാകുന്ന ഈ ഘട്ടത്തിൽ കൂടുതൽ കോഴ്സുകൾ അപ്രകാരം നടത്തുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകളിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

(ഡി) വിദൂര വിദ്യാഭ്യാസം/റെഗുലർ ആയി സർട്ടിഫിക്കറ്റുകൾ നേടുന്നതിന് കുട്ടികൾ ഒരേപോലുള്ള പരീക്ഷകൾ പാസ്സാകണമെന്നതിനാൽ സർട്ടിഫിക്കറ്റുകൾ തുല്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

റെഗുലർ വിദ്യാർത്ഥികൾക്കും വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള സർട്ടിഫിക്കറ്റുകളാണ് നൽകുന്നത്.

പരീക്ഷകൾ ഓൺലൈൻ ആക്കാൻ നടപടി

147 (4535) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സർവ്വകലാശാലകളുടെ പ്രവർത്തന മേഖലയ്ക്കുള്ളിൽ മാത്രം പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് അതത് ജില്ലയിൽ പരീക്ഷയെഴുതാൻ സാധിക്കാതെ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് അതത് ജില്ലയിൽ പരീക്ഷയെഴുതാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകൾ കോവിഡ് സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് അവർക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള എല്ലാ സൗകര്യവും ചെയ്ത് നൽകിയിരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാൻ അനുമതി നൽകി. കണ്ണൂർ സർവ്വകലാശാലയിൽ മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ തിയറി പരീക്ഷകൾ സർവ്വകലാശാലകൾക്ക് പുറമെയുള്ള കേന്ദ്രങ്ങളിൽ നടത്തുന്നത് പ്രായോഗികമായിരുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച്, കോവിഡ് മാനദണ്ഡങ്ങളിൽ സർക്കാർ ഇളവുകൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് പരീക്ഷ കേന്ദ്രം കണ്ടെത്തൽ,